**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 365** **29-10-2021 - ൽ മറുപടിയ്ക്ക്**

**യുവജനക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും ഇടയിൽ മയക്കുമരുന്നിന്റേതുൾപ്പെടെയുള്ള സ്വാധീനം വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് യുവജനക്ഷേമ വകുപ്പ് കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ; | (എ) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ജില്ലാ യുവജന കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ യൂത്ത് ക്ലബ്ബുകളുടെ സഹകരണത്തോടെ ലഹരി വിരുദ്ധ ക്യാമ്പയിനുകൾ നടത്തി വരാറുണ്ട്. ആയതിലേയ്ക്ക് യുവജനക്ഷേമ ബോർഡിൽ പ്രത്യേക പദ്ധതികൾ നിലവിലില്ല. 2022-23 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ലഹരിവിരുദ്ധ പരിപാടികൾക്കായുള്ള പദ്ധതി പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡുതല കൂട്ടായ്മകൾ രൂപീകരിച്ച് ജനങ്ങളുടേയും ജനപ്രതിനിധികളുടെയും സന്നദ്ധ പ്രവർത്തകരുടേയും സഹായത്തോടെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കും ബോധവൽക്കരണത്തിനും ഡീ-അഡിക്ഷൻ പ്രവർത്തനങ്ങൾക്കും രൂപം നൽകുക, നാടകങ്ങൾ, ലഘുവീഡിയോ ചിത്രങ്ങൾ, മറ്റ് കലാരൂപങ്ങൾ എന്നിവയിലൂടെയും ഈ വിപത്തിനെതിരെയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുക, ലഹരിക്കടിമപ്പെടുന്നവരെ ലഹരിമുക്ത കേന്ദ്രങ്ങളിൽ എത്തിച്ച് ചികിത്സ ലഭ്യമാക്കുക എന്നിവയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന മദ്യപാനം, മയക്കുമരുന്നിന്റേതുൾപ്പെടെയുള്ള സ്വാധീനം എന്നിവ കണക്കിലെടുത്ത് കേരള സംസ്ഥാന യുവജന കമ്മീഷൻ സംസ്ഥാനത്തെ കോളേജുകളിലും, കോളനികളിലും, യുവാക്കളുടെ പ്രാതിനിധ്യമുള്ള മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ലൈബ്രറികൾ, യുവജന ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷൻ എന്നിവിടങ്ങളിലും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽ നിന്നും |

| | | | |
|---|---|---|---|
| | | | പിൻതിരിപ്പിക്കുന്നതിനുമായി കായിക പരിശീലനത്തിനുള്ള ആധുനിക സൗകര്യങ്ങൾ ഉള്ള കളിക്കളങ്ങളും, സ്പോർട്സ് ഉപകരണങ്ങളും മറ്റ് അനുബന്ധ പരിശീലന സൗകര്യങ്ങളും ഏർപ്പെടുത്തുന്ന 'ഉണർവ്വ്' പദ്ധതി എക്സൈസ് വകുപ്പ് നടപ്പിലാക്കുന്നു. കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസുകളിൽ 'നേർക്കൂട്ടം' എന്ന പേരിൽ ഒരു കമ്മിറ്റിയും കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിൽ ഒരു കമ്മിറ്റിയും എക്സൈസ് വകുപ്പ് രൂപീകരിച്ച് വരുന്നു. |
| (ബി) | വകുപ്പ് നടപ്പാക്കുന്ന ലഹരിവിരുദ്ധ പ്രചരണം, ആരോഗ്യ ബോധവത്ക്കരണം, ട്രാഫിക് ബോധവത്ക്കരണം, സാമൂഹ്യ തിൻമകൾക്കെതിരായ കൂട്ടായ്മ എന്നിവയ്ക്ക് എൻ.ജി.ഒ.കളെ കാര്യക്ഷമമായി ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരളത്തിലെ യുവതീ യുവാക്കളുടെ ശാക്തീകരണം മുൻ നിർത്തി നിരവധി പ്രവർത്തനങ്ങൾ യൂത്ത്-യുവാ ക്ലബ്ബുകളിലൂടെ നടത്തി വരുന്നു. യുവജനക്ഷേമ ബോർഡുമായി സഹകരിച്ച് പ്രവർത്തിക്കുന്ന യൂത്ത് ക്ലബ്ബുകളും യുവജനക്ഷേമ ബോർഡ് നേരിട്ട് രൂപീകരിച്ച യുവാ ക്ലബ്ബുകളും സംസ്ഥാനത്താകമാനം വിവിധ പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നുണ്ട്. വിവിധ യൂത്ത് - യുവാ ക്ലബ്ബുകൾ സമർപ്പിക്കുന്ന പദ്ധതികൾ പരിശോധിച്ച് പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്നതും സമൂഹ്യനന്മ ഉദ്ദേശിച്ചുള്ളതും സമകാലിക പ്രസക്തിയുള്ളതുമായ നൂതനമായ പദ്ധതികൾ നടപ്പാക്കുന്നതിനും ഈ ക്ലബ്ബുകളെ പങ്കെടുപ്പിച്ചുകൊണ്ട് കൂട്ടായ പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നതിനുമായുള്ള പദ്ധതി പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. കേരള സംസ്ഥാന യുവജനകമ്മീഷൻ 20നും 40നും ഇടയിൽ പ്രായമുള്ള ബിരുദധാരികളായ സന്നദ്ധ പ്രവർത്തകരെ തെരഞ്ഞെടുത്ത് വിദഗ്ധരുടെ നേതൃത്വത്തിൽ പരിശീലനം നൽകി സന്നദ്ധ സേവകരുടെ ഒരു കൂട്ടായ്മ ഉണ്ടാക്കി ബോധവൽക്കരണ പ്രവർത്തനങ്ങൾ കോളേജുകളിലും പട്ടിക ജാതി പട്ടിക വർഗ്ഗ കോളനികളിലും നടത്തിവരുന്നു. |
| (സി) | ലഹരിവിരുദ്ധ പ്രചരണം കൂടുതൽ കാര്യക്ഷമമാക്കാൻ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബുകളെയും മറ്റ് സാംസ്കാരിക കൂട്ടായ്മകളെയും പങ്കെടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | മാജിക് അക്കാദമിയുമായി ചേർന്ന് പ്രശസ്ത മാന്ത്രികൻ ശ്രീ ഗോപിനാഥ് മുതുകാടിന്റെ മാജിക്കിലൂടെ 14 ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട കോളേജുകളിൽ 'മൈ കേരള' എന്ന പേരിൽ 'മെന്ററിംഗ് യംഗ് കേരള' ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. |
| (ഡി) | യുവജനങ്ങൾക്കിടയിൽ പ്രണയ കൊലപാതകങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ ഇത് തടയാൻ | (ഡി) | ആത്മഹത്യാ പ്രവണതയും കൊലപാതകങ്ങളും റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ഇത്തരം |

| | | | |
|---|---|---|---|
| | യുവജനക്ഷേമ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | | ദുരവസ്ഥകളിൽ നിന്നും കരകയറ്റാനായി വിവാഹിതരാവാൻ പോകുന്ന യുവതീയുവാക്കൾക്ക് ഒരു കൗൺസിലിംങ്ങ് നടത്തുന്നതിനുള്ള പരിപാടികൾ 2022-2023 വർഷത്തെ പദ്ധതിയിൽപ്പെടുത്തി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. കേരള സംസ്ഥാന യുവജന കമ്മീഷൻ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് വ്യാപകമായി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താനും ഇതുമായി ബന്ധപ്പെട്ട് ക്യാംപസുകളിലും യുവജനക്ലബ്ബുകളിലും യുവജനങ്ങൾക്ക് പ്രാതിനിധ്യമുള്ള മേഖലകളിലും ഗ്രന്ഥശാല പ്രസ്ഥാനങ്ങളുടെ സഹായത്തോടുകൂടി ബോധവൽക്കരണ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് മുന്നോട്ട് പോകുവാനും ഉദ്ദേശിക്കുന്നു. കൂടാതെ കരിക്കുലത്തിനകത്ത് ജെൻഡർ എഡ്യുക്കേഷൻ ഉൾപ്പെടുത്തണമെന്ന ശുപാർശ ഉന്നതവിദ്യാഭ്യാസ വകുപ്പിനും പൊതുവിദ്യാഭ്യാസ വകുപ്പിനും യുവജന കമ്മീഷൻ നൽകുവാൻ ഉദ്ദേശിക്കുന്നു. ബന്ധങ്ങൾക്കകത്ത് രൂപപ്പെടുത്തേണ്ട ജനാധിപത്യത്തെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുന്നതിനും കമ്മീഷൻ നിരവധി പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രണയ കൊലപാതകങ്ങളിൽ ഇരയാക്കപ്പെട്ട വ്യക്തികളുടെ കുടുംബങ്ങളെ ചെയർപേഴ്സൺ, കമ്മീഷൻ അംഗങ്ങൾ എന്നിവർ സന്ദർശിക്കുകയും അവർക്ക് ആവശ്യമായ നിയമ, ധാർമ്മിക പിന്തുണ നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ